# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3288      14.07.2015-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |

## നികുതി വരുമാനം

| | | |
|---|---|---|
| (എ) | 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നിർണ്ണയിച്ചിരിക്കുന്ന മൊത്ത നികുതി വരുമാനം, മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനമാണ്; ഇത് 2014-15 വർഷത്തേതിനേക്കാൾ കുറവാണോ കൂടുതലാണോ വിശദമാക്കുമോ; | 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നിർണ്ണയിച്ചിരിക്കുന്ന മൊത്ത നികുതി വരുമാനം മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 10.26 ശതമാനമാണ്. ഇത് 2014-15 ലേതിനേക്കാൾ കുറവാണ്. 2015-16 ലെ മൊത്തം ആഭ്യന്തര ഉല്പാദനം കണക്കാക്കിയിരിക്കുന്നത് Market Price നെ അടിസ്ഥാനമാക്കിയാണ്. എന്നാൽ 2014-15 ൽ ഇത് Constant Price നെ അടിസ്ഥാനമാക്കിയാണ് ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ കണക്കാക്കിയപ്പോൾ മൊത്തം ആഭ്യന്തര ഉല്പാദനം കൂടിയതാണ് ഈ വ്യത്യാസത്തിന് കാരണം. |
| (ബി) | 2014 വർഷത്തിൽ ബഡ്ജറ്റിൽ നിർണ്ണയിച്ചിരുന്ന നികുതി വരുമാനം ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനമായിരുന്നു; മുൻ വർഷത്തെ കണക്കുകൾ പ്രകാരം യഥാർത്ഥത്തിൽ എത്ര ശതമാനമാണ്? | 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നിർണ്ണയിച്ചിരുന്ന നികുതി വരുമാനം, ആഭ്യന്തര ഉല്പാദനത്തിന്റെ 11.14 ശതമാനമായിരുന്നു. മുൻ വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകളെ അടിസ്ഥാനമാക്കി കണക്കാക്കുമ്പോൾ ഇത് യഥാർത്ഥത്തിൽ 9.21 ശതമാനമാണ്. |

അക്കൗണ്ട്സ് ഓഫീസർ